## പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2484 20.06.2012-ൽ മറുപടിയ്ക്ക്

## ടൂറിസം നയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.റ്റി.എൻ. പ്രതാപൻ<br>,, എ.റ്റി. ജോർജ്<br>,, പാലോട് രവി<br>,, ഷാഫി പറമ്പിൽ | | ശ്രീ.എ.പി.അനിൽകുമാർ<br>(പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ ടൂറിസം നയം പ്രഖ്യാപിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത നയത്തിലെ പ്രധാനപ്രഖ്യാപനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | ഗുണമേന്മയാർന്ന സന്ദർശനാനുഭവം ഉറപ്പാക്കുക, വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക,വിനോദ സഞ്ചാര വിഭവങ്ങളുടെ മാനേജ്മെന്റ് കാര്യക്ഷമമാക്കുക, പ്രാദേശിക ഉല്ലാസ കേന്ദ്രങ്ങളുടെ വികസനവും പ്രാദേശിക അനുഭവങ്ങളുടെ വർദ്ധീകരണവും സാധ്യമാക്കുക,വിനോദസഞ്ചാര കേന്ദ്രങ്ങളുടെ നിലവാര പരിശോധന നടത്തൽ, വിനോദ സഞ്ചാരകേന്ദ്രങ്ങളിലും യാത്രാ മാർഗ്ഗങ്ങളിലും വഴിയോര സൗകര്യങ്ങൾ ഏർപ്പെടുത്തൽ, പരിസ്ഥിതിക്ക് ഇണങ്ങിയ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കൽ, സുവനീർ വ്യവസായത്തിന്റെ പ്രോത്സാഹനം, കേരളത്തിന്റെ തനതു പാചക രീതികളുടെ പ്രോത്സാഹനം, സാഹസിക ടൂറിസത്തിന്റെ പ്രോത്സാഹനം, പ്രമുഖ സഞ്ചാര കേന്ദ്രങ്ങളിൽ ഇൻഫർമേഷൻ കേന്ദ്രങ്ങൾ, വിനോദ സഞ്ചാര കേന്ദ്രങ്ങളിലും റോഡുകളിലും മാർഗ്ഗ നിർദ്ദേശികൾ (Signages) സ്ഥാപിക്കൽ, വഴിയോര |

| | | | |
|---|---|---|---|
| | | | കേന്ദ്രങ്ങളുടെ തരംതിരിക്കൽ, ഹോപ് ഓൺ/ഹോപ് ഓഫ് സർവ്വീസ്, വ്യത്യസ്തമായ ശേഷികളുള്ളവരടക്കം (differently abled person) എല്ലാവർക്കുമായി പുതിയ വിനോദ സഞ്ചാര കേന്ദ്രങ്ങൾ വികസിപ്പിച്ചെടുക്കൽ, ജീവൻ രക്ഷാ തയ്യാറെടുപ്പുകൾ (Life saving initiative),വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് വാർഡൻമാർ, കണ്ടിൻജൻസി റെസ്പോൺസ് സെൽ (CRC), ഹർത്താലുകളിൽ നിന്നും ടൂറിസം മേഖലയെ ഒഴിവാക്കൽ തുടങ്ങിയവയാണ് പ്രധാന പ്രഖ്യാപനങ്ങൾ. |
| (സി) | ടൂറിസം വികസനത്തിന് ദിശാ ബോധം നൽകുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ? | (സി) | ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ടൂറിസം മേഖലയുടെ വളർച്ച എന്നതിലുപരി സംസ്ഥാനത്തിന്റെ സമഗ്ര പുരോഗതി ലക്ഷ്യമാക്കിയുള്ള ടൂറിസം നയം ഈ സർക്കാർ പ്രഖ്യാപിച്ചു. ഗുണമേന്മയിലൂന്നിയ ടൂറിസം വികസനമാണ് നയം വിഭാവനം ചെയ്യുന്നത്. സേവന നിലവാരം എന്നതുപോലെ ശുചിത്വം, തീർത്ഥാടന പൈതൃക സാംസ്ക്കാരിക ടൂറിസം വികസനം, പരിസ്ഥിതി സംരക്ഷണം, സുരക്ഷിതത്വം, അടിസ്ഥാന സൗകര്യ വികസനം, ടൂറിസം മാനവശേഷി വികസനം, നിക്ഷേപ സൗഹാർദ്ദം, ടൂറിസം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണം, ശാസ്ത്രീയമായ വിപണന തന്ത്രങ്ങൾ, ടൂറിസം വികസനം തദ്ദേശീയ വാസികൾക്ക് ഗുണകരമാകുന്നുവെന്ന് ഉറപ്പു വരുത്തുന്ന ഉത്തരവാദിത്ത ടൂറിസം വ്യാപിപ്പിക്കൽ തുടങ്ങി ടൂറിസം മേഖലയുടെ സമഗ്ര പുരോഗതി ത്വരിതപ്പെടുത്തുന്നതിനുള്ള വ്യക്തമായ നിർദ്ദേശങ്ങൾ നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രധാനപ്പെട്ട വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് ബന്ധപ്പെട്ട വകുപ്പുകളുമായി ചേർന്ന് അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കും, ജലവിതരണ സംവിധാനം, സഞ്ചാര സൗകര്യം, തെരുവ് വിളക്കുകൾ, മാലിന്യ സംസ്ക്കരണം എന്നിവയാണ് പ്രധാന പദ്ധതികൾ. മുഖ്യമന്ത്രി അദ്ധ്യക്ഷനായും, ടൂറിസം മന്ത്രി ഉപാധ്യക്ഷനായും, ഒരു ക്യാബിനറ്റ് കമ്മിറ്റി ടൂറിസത്തിനു വേണ്ടി രൂപീകരിക്കും. മറ്റു വകുപ്പ് മന്ത്രിമാർ അംഗങ്ങളായ ഈ കമ്മിറ്റി ടൂറിസം മേഖലയിലെ സുപ്രധാന പദ്ധതികളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കും.

ജനങ്ങളിൽ വിനോദ സഞ്ചാര ആഭിമുഖ്യത്തിന്റെ ഭാഗമായും, ഉത്തരവാദിത്ത വിനോദ സഞ്ചാര പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുവാനുമായി, ആനുകൂല്യങ്ങൾ നൽകും. നിലവിലുള്ള നിക്ഷേപ സബ്സിഡി പദ്ധതികൾ 2013 ഓടെ പിൻവലിക്കും. ആകെ നിക്ഷേപത്തിന്റെ 15% വരെയും എന്നാൽ പരമാവധി 20 ലക്ഷം രൂപ വരെ നൽകിക്കൊണ്ട് ഉത്തരവാദിത്ത വിനോദ സഞ്ചാര നിക്ഷേപകർക്ക് പുതിയ സബ്സിഡി പദ്ധതി രൂപീകരിക്കുന്നതാണ്. ഉത്തരവാദിത്ത വിനോദ സഞ്ചാരത്തിന് കീഴിൽ ക്ലാസിഫിക്കേഷൻ ലഭിച്ചിട്ടുള്ള സംരംഭങ്ങൾക്ക് ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് വ്യവസായിക നിരക്കിൽ വൈദ്യുതി നൽകും.

കൂടാതെ സേവന ദാതാക്കൾക്ക് വിപണന സഹായം നൽകുന്നതിന്റെ ഭാഗമായി, ടൂർ ഓപ്പറേഷൻ, ഹോം സ്റ്റേ, സർവ്വീസ്ഡ് വില്ല, ആയുർവേദ മേഖലകളിലെ പുതിയ സംരംഭകർക്ക്, ദേശീയ, അന്തർദ്ദേശീയ പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നതിലേക്കായി ആദ്യത്തെ മൂന്ന് വർഷങ്ങളിലേക്ക് പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള പദ്ധതി തയ്യാറാക്കാനും ഉദ്ദേശമുണ്ട്. ഈ ആനുകൂല്യങ്ങൾ പ്രതിവർഷം ഒരു പ്രാദേശിക